(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്ര ജീവനക്കാർ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ (Final Notification No. ROC 5151/96/Est-I, dated 1/3/2006) 13-6-2006-ലെ കേരള ഗസറ്റിൽ (Gazette No. 24, Vol-5) 466, 467 എന്നീ പേജുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ നായർ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്ത WP (C) 17581/06, ശ്രീ. മുരളീധരൻ ഫയൽ ചെയ്ത WP (C) 17814/06 നമ്പർ കേസുകൾ ഒന്നും തീർപ്പായിട്ടില്ല. ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങൾ

96 (8156) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രശസ്തമായ ചെട്ടിക്കുളങ്ങര ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് പുതുതായി എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേവസ്വത്തിലെ പ്രസാദ മണ്ഡപത്തിന്റെ പണികൾക്ക് 24,15,000 രൂപയുടെ എസ്റ്റിമേറ്റ് ബോർഡ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ദേവസ്വത്തിലെ അന്നദാന മണ്ഡപത്തിന്റെ തെക്കുംഭാഗം ഇന്റർലോക്ക് ഇടുന്നതിനും, മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നതായും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട തുക

97 (T 8157) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭരണഘടനയുടെ അനുച്ഛേദം 290 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട നിശ്ചിത തുക തന്നെയാണോ ഇപ്പോൾ നൽകിവരുന്നത് ;

(ബി) പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly